IT2

IT-373300

12 APR 2023

8h
12/4/23

<u>ഭാരതീയ ചികിത്സാ വകുപ്പ് - സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമത്തിൽ</u>

(സാന്നിധ്യം : ദേവദാസ് പി)

വിഷയം: ഭാരതീയ ചികിത്സാ വകുപ്പ് ജീവനക്കാർയം - ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

(1) ഈ ഓഫീസിലെ 03.04.2023-ലെ DISM/2241/2022/E3 നമ്പർ ഉത്തരവ്.

(2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-216/2019, എന്നി നമ്പർ കേസ്

(3) ഈ ഓഫീസിലെ 12.12.2022-ലെ DISM/1197(1)/2022/E3 നമ്പർ ഉത്തരവ്.

(4) ഈ ഓഫീസിലെ 08.03.2023-ലെ DISM/1197/2022/E3 നമ്പർ ഉത്തരവ്.

<u>ഉത്തരവ് നമ്പർ E3/1995/2022/DISM ഭാരതീയ ചികിത്സാ വകുപ്പ് തീയതി-12-04-2023</u>

ഈ വകുപ്പിലെ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. കെ ആർ രമാദേവിക്ക് സീനിയർ സൂപ്രണ്ട് /ലേ സെക്രട്ടറി കം ട്രഷറർ തസ്തികയിലേക്ക് പരാമർശം (1) ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ , ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരൊഴിവ് നിലനിൽക്കുന്നു. ടി സാഹചര്യത്തിൽ ഹെഡ് ക്ലർക്കിന്റെ പ്രൊവിഷണൽ ഗ്രഡേഷൻ ലിസ്റ്റിലെ അടുത്ത സീനിയറായ (ക്രമ നമ്പർ 6)കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിലെ ഹെഡ് ക്ലർക്ക് ശ്രീമതി കെ ആശാലതയെ43400-91200 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് മേൽ പരാമർശം (2) പ്രകാരമുള്ള കേസുകളിന്മേലുള്ള അന്തിമവിധിക്ക് വിധേയമായി കെ.എസ്. & എസ്.എസ്.ആർ ചട്ടം 31(a) പ്രകാരം താത്ക്കാലികമായി സ്ഥാനക്കയറ്റം നൽകി എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് നിയമിച്ച് ഉത്തരവാകുന്നു.

നിലവിൽ 2023 പൊതുസ്ഥലംമാറ്റ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാതെയാണ് നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത നിയമനം അനുവദിച്ചിട്ടുള്ള സ്ഥാപനം താത്ക്കാലികമായിരിക്കും. പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തിയാകുന്നതിനോടൊപ്പം സീനിയറായ ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്ന വേളയിൽ നിയമനം നൽകിയിട്ടുള്ള സ്ഥാപനം ആവശ്യമെങ്കിൽ പുന:പരിശോധിക്കുന്നതാണ്. ടി ജീവനക്കാരി വിടുതൽ/ജോയിൻ ചെയ്യുന്ന വിവരം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Signed by
Devadas P
Date: 12-04-2023 12:16:15

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഭാരതീയ ചികിത്സാ വകുപ്പ്

പകർപ്പ്:-

1. ബന്ധപ്പെട്ട ജീവനക്കാരിക്ക്.
2. ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ് കാസർഗോഡ്, എറണാകുളം.
3. സി.എ ടു ഡയറക്ടർ
4. ജോയിന്റ് ഡയറക്ടർ I & II
5. അക്കൗണ്ട്സ് ഓഫീസർ.
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്